# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 15 No. 10 | PUBLISHED FROM DELHI | PRICE Rs. 3/- | OCTOBER 2011

## വിശ്വാസികൾ ആത്മിക ഉന്നതിയിലേക്ക് എത്തുക : റവ. ജെ ന്യൂസം

**ഡൽഹി:** നിരന്തരം ചെയ്തുകൊണ്ടിരിക്കുന്ന ചടങ്ങുകൾ ഉപേക്ഷിച്ച് വിശ്വാസികൾ ഉന്നതമായ ആത്മിക തലങ്ങളിലേക്ക് ഉയരേണ്ടിയിരിക്കുന്നുവെന്ന് റവ. ജെ ന്യൂസം പ്രസ്താവിച്ചു. സെപ്തംബർ 11ന് കിങ്ങ്സ്‌വേ ക്യാമ്പ് ഫെയ്ത്ത് ഫെലോഷിപ്പ് സഭയിൽ നടന്ന സംയുക്താരാധനയിൽ ഉല്പത്തി 28:10-15 വാക്യങ്ങളെ അടിസ്ഥാനമാക്കി ദൈവവചനം ശുശ്രൂഷിക്കുകയായിരുന്നു അദ്ദേഹം. ബേർ-ശേബയിൽ നിന്നും ഹാരാനിലേക്കുള്ള യാത്രയ്ക്കിടയിൽ യാക്കോബ് രാപാർത്ത സ്ഥലം ദൈവത്തിന്റെ ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്തിരുന്ന സ്ഥലമായിരുന്നു. അവിടെ ദൈവം അവനോട് സംസാരിച്ചു, വാഗ്ദത്തം നൽകി. തുടർന്നുള്ള യാക്കോബിന്റെ ജീവിതം ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടതായിരുന്നു. പല വിശ്വാസികൾക്കും സഭയിൽ സ്ഥിരമായുള്ള ഇരിപ്പിടങ്ങളുണ്ട്, മറ്റാർക്കും അത് വിട്ടുകൊടുക്കുകയില്ല, ആത്മിക വളർച്ചയ്ക്കായി അവർ വാഞ്ചിക്കുന്നുമില്ല. ഇങ്ങനെയുള്ളവർ ചടങ്ങുകൾക്കുവേണ്ടി മാത്രം ആരാധനയ്ക്കു സംബന്ധിക്കുന്നു. എന്നാൽ, ദൈവിക സമ്പർക്കം ആഗ്രഹിക്കുന്നവർ തങ്ങൾ ആയിരിക്കുന്ന തലത്തിൽ നിന്നും മറ്റൊരു ഉയർന്ന തലത്തിലേക്ക് ചുവടുകളെ വയ്ക്കണം, ജെ ന്യൂസം ഓർപ്പിച്ചു. കാൽക്കാജി സഭാശുശ്രൂഷകൻ പാസ്റ്റർ ബിനോയി പി. ജോൺ പ്രസംഗം പരിഭാഷപ്പെടുത്തി.



റവ. ജെ ന്യൂസം പ്രസംഗിക്കുന്നു. പരിഭാഷ: പാസ്റ്റർ ബിനോയി പി. ജോൺ. മിസിസ് മേരി ന്യൂസം, പാസ്റ്റർമാരായ എം. സാമുവൽകുട്ടി, റ്റി.ഡി. സുധാകരൻ എന്നിവർ സമീപം

ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ ലാഡോസരായ് സഭാശുശ്രൂഷകൻ പാസ്റ്റർ ബിനു ജോൺ സങ്കീർത്തനം 118:7 വാക്യത്തെ അടിസ്ഥാനമാക്കി ദൈവിക സാന്നിധ്യം നമ്മോടുകൂടെ എന്ന വിഷയത്തെക്കുറിച്ച് പ്രബോധിപ്പിച്ചു. മരുഭൂമിയിലും, ചെങ്കടലിന്റെ മുമ്പിലും, എരിയുന്ന

(ശേഷം രണ്ടാം പേജിൽ)

## ശുശ്രൂഷക സെമിനാർ നടന്നു

**അടൂർ:** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെയും ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെയും സംയുക്താഭിമുഖ്യത്തിൽ സെപ്റ്റംബർ മാസം 8,9 തീയതികളിൽ അടൂർ എഫ്.എഫ്. സിയിൽ വച്ച് ശുശ്രൂഷക സെമിനാർ നടത്തപ്പെട്ടു. ***"ഇടയ ശുശ്രൂഷയും, സഭാ വളർച്ചയും"*** എന്നതായിരുന്നു സെമിനാറിന്റെ വിഷയം. ഇടയശുശ്രൂഷ എന്ന വിഷയത്തെ ആസ്പദമാക്കി ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ക്ലാസ്സെടുത്തു. എന്താണ് ഇടയശുശ്രുഷ, എങ്ങനെയാണ് ഇടയശുശ്രൂഷ നിർവ്വഹിക്കേണ്ടത്, ഒരു ഇടയൻ എന്തെല്ലാം കാര്യങ്ങൾ മനസ്സിലാക്കിയിരിക്കണം എന്ന വിഷയങ്ങളെ കോർത്തിണക്കിയാണ് പാസ്റ്റർ എം. സാമുവൽകുട്ടി ക്ലാസ്സ് നയിച്ചത്. സഭാ വളർച്ച എന്ന വിഷയത്തെ ആധാരമാക്കി റവ. ജെ ന്യൂസവും, മിസിസ് മേരി ന്യൂസവും ക്ലാസ്സുകൾ നയിച്ചു. എന്താണ് സഭ? സഭാ

(ശേഷം രണ്ടാം പേജിൽ)




പാസ്റ്റർ എം. സാമുവൽകുട്ടി ശുശ്രൂഷക സെമിനാറിൽ ക്ലാസ്സെടുക്കുന്നു, പരിഭാഷ: പാസ്റ്റർ ബിജു ബെഞ്ചമിൻ

# പുതിയൊരു ദിശാബോധം

പ്രത്യേക ലേഖകൻ

കഴിഞ്ഞ മാസം നൂറു ദിവസം തികച്ച കേരളത്തിലെ ഐക്യജനാധിപത്യ മന്ത്രിസഭ പ്രഖ്യാപിച്ച 110 പദ്ധതികളിൽ 100 എണ്ണം പ്രാവർത്തികമാക്കി എന്ന അവകാശവാദത്തിൽ ഊറ്റംകൊള്ളുന്നതായി മുഖ്യമന്ത്രിയുടേയും സഹപ്രവർത്തകരുടേയും പ്രസ്താവനകളിൽ നിന്നും ശരീരഭാഷയിൽ നിന്നും മനസിലാക്കാം. വേഗത്തിൽ കാര്യങ്ങൾ ചെയ്യുന്ന നേതാവ് എന്ന പ്രതിഛായ നിലനിർത്തുവാൻ ബദ്ധശ്രദ്ധനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പ്രതിപക്ഷ നേതാവായിരുന്നപ്പോൾ മുൻ എൽഡിഎഫ് സർക്കാരിന്റെ പല നയങ്ങളേയും രൂക്ഷമായി വിമർശിച്ചിരുന്നു. അന്നത്തെ മെല്ലെപ്പോക്ക് നയം അദ്ദേഹത്തെ ഈർഷ്യപ്പെടുത്തിയിരുന്നു. ഇത്രയും തുറന്ന വിമർശനങ്ങൾ അദ്ദേഹം നടത്തിയതുകൊണ്ടും കൂടിയാവാം ഇന്ന് ഇത്രയും വേഗത്തിൽ കാര്യങ്ങൾ ചെയ്യുവാൻ അദ്ദേഹം ശ്രമിക്കുന്നത്. നൂറ് ദിന കർമ്മപരിപാടിയിൽ നൂറ്റിപത്തോളം പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്. ഇതിൽ 100 എണ്ണം പൂർത്തിയായി. കർമ്മപരിപാടിയിൽ പ്രഖ്യാപിക്കാത്ത കാര്യങ്ങളും ചെയ്യാനായി എന്നാണ് സർക്കാർ അവകാശപ്പെടുന്നത്.

സംസ്ഥാനത്തെ മുഴുവൻ പാവപ്പെട്ടവർക്കും കിലോയ്ക്ക് 2 രൂപയ്ക്ക് അരി നൽകാനായത് വൻ നേട്ടമായി. അനിശ്ചിതത്വത്തിന് അവധി കൊടുത്തുകൊണ്ട് സ്മാർട്ട് സിറ്റിയുടെ നിർമ്മാണം തുടങ്ങാനായതും നേട്ടം തന്നെ; മന്ത്രിമാർ, പേഴ്സനൽ സ്റ്റാഫ്, കുടുംബാംഗങ്ങൾ, വകുപ്പു തലവന്മാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ സ്വത്ത് വിവരം വെളിപ്പെടുത്തുമെന്ന വാഗ്ദാനം യഥാസമയം നടപ്പാക്കി; മുഖ്യമന്ത്രിയുടെ ഓഫീസും അവിടെ നടക്കുന്ന പ്രവർത്തനങ്ങളും ലോകം മുഴുവൻ ഇന്റർ നെറ്റിലൂടെ ലൈവ് സംപ്രേഷണം; സർക്കാർ നിരത്തുന്ന നേട്ടങ്ങളുടെ പട്ടിക നീളുന്നു...

സുസ്ഥിരവും അഴിമതി രഹിതവും എന്ന് പൊതുവെ വിലയിരുത്തപ്പെടുന്ന ഒരു ഭരണമാണ് കഴിഞ്ഞ എൽഡിഎഫ് സർക്കാർ കാഴ്ച്ച വച്ചത്. അഴിമതി വിരുദ്ധൻ എന്ന വിഎസിന്റെ പ്രതിഛായ, ട്രഷറി ഒരു ദിവസംപോലും പൂട്ടാതെ കൊണ്ടുപോയി തോമസ് ഐസക് കാണിച്ച സാമ്പത്തിക സർക്കസ്, ഇതൊക്കെ എൽഎഡിഎഫിന് തുണയായെങ്കിലും വേണ്ടത്ര മാധ്യമ പിന്തുണ ഇല്ലാതിരുന്നത് അവർക്ക് വിനയായി. ഏറ്റവും കൂടുതൽ വിമർശിക്കപ്പെട്ടത് സ്മാർട്ട് സിറ്റി പദ്ധതി നടപ്പാക്കുന്നതിൽ സ്വീകരിച്ച മെല്ലെപ്പോക്ക് നയവും വ്യവസായ നിക്ഷേപങ്ങൾ കൊണ്ടുവരുന്നതിലെ വിമുഖതയും ആണ്.

ഈ മെല്ലെപ്പോക്ക് നയത്തിന്റെ പശ്ചാത്തലത്തിൽ ആണ് ചാണ്ടി സർക്കാരിന്റെ വേഗത്തിലുള്ള പ്രകടനം ജനങ്ങൾ നോക്കിക്കാണുന്നത്. നിഷ്പക്ഷ മാധ്യമങ്ങളും സർക്കാരിനെ ഒരു പരിധിവരെ ശ്ളാഘിച്ചിട്ടുണ്ട്. ക്ഷമതയ്ക്ക് അനുസരിച്ച് വികസിക്കാത്ത സംസ്ഥാനത്തിന് ഒരു പുതിയ ഉണർവ്വ് പകരാൻ സർക്കാരിന്റെ ഈ പുതിയ ദിശാബോധത്തിന് കഴിയുന്നു എന്ന അവകാശവാദത്തിൽ കഴമ്പില്ലാതില്ല എന്നാണ് നിരീക്ഷകർ അഭിപ്രായപ്പെടുന്നത്. നേരിയ ഭൂരിപക്ഷത്തിൽ അധികാരത്തിലേറിയ മുന്നണി കരുതലോടെ മുന്നോട്ട് നീങ്ങുകയാണെങ്കിൽ തുടക്കത്തിൽ ദൃശ്യമായ ഈ ശുഷ്ക്കാന്തി ഒടുക്കംവരെയും നിലനിർത്താം. ഭരണരംഗത്തെ ഈ ഉണർവ്വ് വൻമാറ്റങ്ങൾക്ക് നിദാനമാകട്ടെ എന്ന് നമുക്ക് പ്രതീക്ഷിക്കാം, പ്രാർത്ഥിക്കാം.

ഈ ലോകത്തിലെ ഭരണകൂടങ്ങൾക്ക് മുന്നോട്ടുപോകുവാൻ ദിശാബോധം അനിവാര്യമാണെങ്കിൽ ദൈവിക വാഴ്ചയെ കാംക്ഷിച്ച് പ്രയാണം ചെയ്യുന്ന ദൈവമക്കളുടെ കൂട്ടായ്മകൾക്ക് അത് എത്ര അത്യന്താപേക്ഷിതമാണ്! ദൈവസഭ പരിശുദ്ധാത്മാവിനാൽ നിയന്ത്രിതമാകയാൽ സഭയ്ക്ക് തുടക്കം മുതലേ ഒരു ദിശാബോധമുണ്ട്. എന്നാൽ, സഭ നീങ്ങുന്ന ദിശയിൽ നിന്നും വ്യതിരിക്തമായി സഞ്ചരിക്കുവാൻ ആണ് ഇന്ന് പലർക്കും താല്പര്യം. മറ്റുള്ളവരെയും ഇങ്ങനെ അപഥസഞ്ചാരം നടത്തുവാൻ അവർ പ്രേരിപ്പിക്കുന്നു. ക്രിസ്തു എന്ന തലയോളം വളരുക എന്നതിനു പകരം മറ്റ് ചില തലങ്ങളിലേക്കുള്ള വളർച്ചയാണ് വിശ്വാസികൾ എന്നറിയപ്പെടുന്നവരിൽ ഇന്ന് അനാദൃശ്യമാകുന്നത്.

പഴയനിയമത്തിലും പുതിയ നിയമത്തിലും ആത്മീയ വളർച്ചയുടെ ഉന്നതികളിൽ എത്തിയ വ്യക്തികളുടെ ചരിത്രം പരിശോധിച്ചാൽ, അവരിൽ ഓരോ വ്യക്തിയ്ക്കും വ്യക്തമായ ഒരു ദിശാബോധം ഉണ്ടായിരുന്നുവെന്ന് മനസിലാക്കാൻ സാധിക്കുന്നു. കൽദയരുടെ പട്ടണമായ ഊരിൽ നിന്നും യാത്ര തുടങ്ങിയപ്പോൾ ഉണ്ടായിരുന്ന ദിശാബോധം കനാൻ ദേശത്ത് ഹെബ്രോനിൽ മമ്രേയ്ക്കരികെ മക്ക്പേലാ ഗുഹയിൽ യാത്ര അവസാനിപ്പിച്ച് സേവിച്ച ദൈവത്തോട് ചേരുംവരെയും അബ്രഹാമിന് ഉണ്ടായിരുന്നു. ഈ ദിശാബോധത്തിന്റെ വ്യക്തത മനസിലാക്കണമെങ്കിൽ യിസഹാക്കിന് വിവാഹപ്രായമായപ്പോൾ അവന്റെ വിവാഹകാര്യം സംബന്ധിച്ച് ദാസൻ "യിസഹാക്കിനെ ഊരിലേക്ക് മടക്കിക്കൊണ്ടുപോകണമോ?" എന്ന്

(ശേഷം മൂന്നാം പേജിൽ)

**ഉൾപേജുകളിൽ!!!**

**തല തിരിഞ്ഞ ലോകം**- പാസ്റ്റർ എം. സാമുവൽകുട്ടി (പേജ് 2)

**ശാപത്തിൽ നിന്നും ദൈവഭവനത്തിലേക്ക് വന്ന രൂത്ത്**- സിസ്റ്റർ ദീനാമ്മ ശീലാസ് (പേജ് 4)

**ദൈവവിളിയും നമ്മുടെ പ്രതികരണവും**- പാസ്റ്റർ ബിജു ബഞ്ചമിൻ (പേജ് 4)

പത്രാധിപ ലേഖനം.......

# തല തിരിഞ്ഞ ലോകം



വിശ്വപ്രസിദ്ധ ആംഗലേയ സാഹിത്യകാരനായ ഷെയ്ക്ക് സ്പിയറിന്റെ വിഖ്യാതമായ രചനയാണ് *മാക്ക്ബെത്ത്* എന്ന നാടകം. അതിരുകടന്ന ആഗ്രഹം മനുഷ്യനെക്കൊണ്ട് നടത്തിക്കുന്ന ചതിയും വഞ്ചനയും ഉപായവും അവയുടെ അനന്തര ഫലവുമാണ് ഈ നാടകത്തിന്റെ ഇതിവൃത്തം. നാടകം തുടങ്ങുന്നത് യുദ്ധഭൂമിയിൽ നിന്നും മടങ്ങുന്ന മാക്ക്ബെത്തിനേയും ഡങ്കനേയും എതിരേൽക്കാൻ തീരുമാനിച്ച് സന്ധിക്കുന്ന മന്ത്രവാദികളായ മൂന്ന് വിധികന്യകകളുടെ ജല്പനങ്ങളോട് കൂടിയാണ്. അവർ പറയുന്നു, "ഫെയർ ഈസ് ഫൗൾ ആൻഡ് ഫൗൾ ഈസ് ഫെയർ; ഹൊവെർ ത്രൂ ദ് ഫോഗ് ആൻഡ് ഫിൽത്തി എയെർ" (ന്യായമാണ് അന്യായം, അന്യായമാണ് ന്യായം മഞ്ഞ് മലീമസമായ അന്തരീക്ഷത്തിൽ അലഞ്ഞുതിരിയുക).

നമ്മുടെ സമൂഹിക ജീവിതത്തിലെ വിവിധ രംഗങ്ങളിൽ അരങ്ങേറുന്ന സംഭവങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ വിധികന്യകകളുടെ വാക്കുകൾ അക്ഷരാർത്ഥത്തിൽ തന്നെ ശരിയാണെന്ന് തോന്നിപ്പോകുന്നു. അന്യായമായ, അനുചിതമായ കാര്യങ്ങൾ ന്യായവും ഉചിതവും ആയവയായി സ്വീകരിക്കപ്പെടുന്നു. തെറ്റ് ശരിയും ശരി തെറ്റും ആയിത്തീരുന്നു. അശ്ലീലം ശ്ലീലവും ശ്ലീലം അശ്ലീലവും. ഇങ്ങനെ അധർമ്മ പ്രവൃത്തികൾ നിമിത്തം മഞ്ഞ് മൂടി മലിമസമായ അന്തരീക്ഷത്തിൽ ജനങ്ങൾ അലഞ്ഞുതിരിയുകയാണ്. ശ്രേഷ്ഠ ജനങ്ങളും സാമാന്യ ജനങ്ങളും, വരേണ്യരും അധ:സ്ഥിതരും. രാഷ്ട്രീയത്തിലാണെങ്കിലും ആത്മീയ മേഖലകളിലാണെങ്കിലും വ്യവസ്ഥകൾ കീഴ്മേൽ മറിയുന്ന കാഴ്ച്ചയാണ്. അധികാരദുര അനാശാസ്യ പ്രവണതകൾക്ക് വഴി തെളിക്കുമ്പോൾ കൈയൂക്കുള്ളവൻ കാര്യക്കാരനാകുന്ന അവസ്ഥ. തെറ്റായ ലക്ഷ്യങ്ങൾ നേടുന്നതിനായി തെറ്റായ മാർഗ്ഗങ്ങൾ അവലംബിക്കുമ്പോൾ ധാർമിക മൂല്യങ്ങൾക്ക് സ്ഥാനമില്ലാതെയാകുന്നു. രാഷ്ട്രീയ പ്രവർത്തകർ അവരുടെ സ്ഥാനമാനങ്ങൾ ഉറപ്പാക്കുവാനും അധികാരത്തിലേറുവാനും, അധികാരം നിലനിർത്തുവാനും കിണഞ്ഞു പരിശ്രമിക്കുമ്പോൾ ന്യായന്യായങ്ങളെ വേർതിരിച്ചു കാണുവാനുള്ള വിവേചന ബുദ്ധി അവർക്കില്ലാതെയാകുന്നു. ജനങ്ങളെ നയിക്കുന്നവർ ഇമ്മട്ടിലായിത്തീരുമ്പോൾ പിന്നെ വ്യവസ്ഥിതികൾ എങ്ങനെ നിലനിൽക്കും.

അഴിമതിക്കെതിരെ നാം വളരെ വികാരവിക്ഷുബ്ധതയോടെ പ്രതികരിക്കുന്നവരാണ്. പക്ഷേ, നമ്മുടെ ഈ പ്രതികരണം വാക്കുകളിൽ ഒതുങ്ങിപ്പോകുകയാണ് സാധാരണ. പ്രവൃത്തികളിൽക്കൂടി പ്രതികരിക്കണമെങ്കിൽ, അഴിമതിരഹിതമായ വ്യക്തിജീവിതം പകരുന്ന ധാർമ്മിക ശക്തി അനിവാര്യമാണ്. എന്നാൽ, സ്വന്തം ആവശ്യങ്ങൾ വരുമ്പോൾ പല വിട്ടുവീഴ്ചകൾക്കും നാം തയ്യാറാകുന്നു. വ്യക്തിജീവിതത്തിലെ ഇത്തരം വിട്ടുവീഴ്ചകളാണ് പൊതുജീവിതത്തിലെ അഴിമതിയെ പ്രോത്സാഹിപ്പിക്കുന്നത്. സ്വന്തം താല്പര്യങ്ങളും ആഗ്രഹങ്ങളും നിവർത്തിക്കുവാനുള്ള നമ്മുടെ വ്യഗ്രതയിൽ നാം ചെയ്യുന്ന വിട്ടുവീഴ്ചകൾ ജീവിതസന്ധാരണത്തിലുള്ള പോംവഴികളായി പരിഗണിക്കപ്പെടുമ്പോൾ തെറ്റുകൾ ശരികളായി മാറുന്നു.

വ്യവസ്ഥകൾ പിൻപറ്റി സത്യസന്ധത പുലർത്തി ജീവിക്കുന്നവരെ ലോകം വിഢ്ഢികളായി കാണുന്നു. അങ്ങനെയുള്ള മറയർക്ക് കുതിരപ്പന്തയത്തിൽ സ്ഥാനമില്ല. അവർക്ക് ജീവിക്കാനാവശ്യമായ ബുദ്ധിയില്ലല്ലോ! സ്വാർത്ഥ താല്പര്യങ്ങൾ സാധിക്കുവാൻ വേണ്ട കൗശലമാണ് ഇന്ന് ബുദ്ധിയായി കണക്കാക്കപ്പെടുന്നത്. കൗശലം കൂടിയവർ കുശാഗ്രബുദ്ധികളും! ഇത്തരം ഒരു സ്ഥിതിവിശേഷം നിമിത്തമാണ് സ്ഥാപനവത്ക്കരിക്കപ്പെട്ട അഴിമതി നിലനിന്നു പോകുന്നത്. ഇതില്ലാതാകണമെങ്കിൽ അഴിമതിരഹിതരും, നിസ്വാർത്ഥികളും ധർമികളും ആയ വ്യക്തികളെ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ ഒതുക്കാതെ മുൻപന്തിയിലേക്ക് കൊണ്ടുവരണം. അഴിമതിക്കെതിരെ, അധർമ്മത്തിനെതിരെ സംസാരിക്കുവാനും പ്രവർത്തിക്കുവാനുമുള്ള യോഗ്യത അവർക്കേയുള്ളു. പക്ഷേ, വിരോധാഭാസം എന്നു പറയട്ടെ, ഇങ്ങനെയുള്ളവരെ അഭിമതരായി കാണുന്നതിനുപകരം അനഭിമതരായി സമൂഹം കാണുന്നു.

ലോകത്തിൽ മൂല്യങ്ങൾ ഇല്ലാതാകുമ്പോൾ, അവയെ സംരക്ഷിച്ച് നിലനിർത്തേണ്ടത് ആത്മീയാചാര്യന്മാരാണ്. അധാർമ്മികതയ്ക്കെതിരെ പ്രതികരിക്കാൻ ഒരുക്കവും ശേഷിയുമുള്ള ഒരു ആത്മീയ ലോകത്തെ ആണ് അവർ സജ്ജമാക്കേണ്ടത്. എന്നാൽ, നിർഭാഗ്യവശാൽ ആത്മീയാചാര്യന്മാരും സ്ഥാനങ്ങൾക്കും പണത്തിനും അമിത പ്രാധാന്യം നൽകി മുന്നോട്ട് പോകുകയാണ്. ആശാന് ഒന്ന് പിഴച്ചാൽ ശിഷ്യന്മാർക്ക് അമ്പത്തൊന്ന് പിഴയ്ക്കുമല്ലോ. ആത്മീയവും ഭക്തിയും ഇന്ന് ദുരാഗ്രഹങ്ങൾ നിവർത്തിക്കുവാനുള്ള കുറുക്കുവഴിയായി ജനങ്ങൾ കാണുന്നു. ത്യാഗോജ്ജ്വലമായ ഐഹിക ജീവിതത്തിന്റെ മാതൃക കാട്ടിത്തന്ന യേശുക്രിസ്തുവിന്റെ ശിഷ്യർ ലോകത്തിലെ മോഹങ്ങൾക്ക് പുറകെ യാതൊരു നീതിബോധവുമില്ലാതെ പായുകയാണ്.

വേർപ്പെട്ട വിശ്വാസികൾ എന്നാൽ, വ്യത്യസ്തത പുലർത്തുന്നതിൽ അഭിമാനിക്കുന്നവരാകണം. ലോകത്തിന്റെ രീതികൾ അവരും യാതൊരു ഉളുപ്പും കൂടാതെ സ്വീകരിക്കുന്നു. കാലത്തിന്റെ പോക്കിനെ കുറ്റം പറഞ്ഞ് കൊണ്ട് തന്നെ നാടോടുമ്പോൾ നടുവെ ഓടുവാൻ അവർക്ക് മടിയില്ല. പക്ഷേ, പണ്ടും ലോകം ഇങ്ങനെയായിരുന്നുവെന്ന് നാം ഓർക്കണം. പഴയനിയമ കാലത്തെ സോദോം ഗോമോറ. ഉദാഹരണം; മീഖയുടെ കാലം എടുത്താൽ (മീഖാ 7:2 തൊട്ട് 7വരെ വായിക്കുക). ജനങ്ങളിൽ ഉത്തമൻ മുൾപ്പടർപ്പു പോലെയും നേരുള്ളവൻ മുൾവേലിയേക്കാൾ വല്ലാത്തവനും ആയിരുന്നു. എന്നാൽ, മീഖാ അവരിൽ നിന്ന് വ്യത്യസ്തനായി പ്രസ്താവിച്ചത് ശ്രദ്ധിക്കുക, "ഞാനോ യഹോവയിങ്കലേക്കു നോക്കും; എന്റെ രക്ഷയുടെ ദൈവത്തിനായി കാത്തിരിക്കും; എന്റെ ദൈവം എന്റെ പ്രാർത്ഥന കേൾക്കും".

ലോകം തലതിരിഞ്ഞ് പോകുമ്പോൾ നമുക്ക് നേരെ പോകാം. 'ലജ്ജയായതിൽ മാനം തോന്നാതെ' നേരിനുവേണ്ടി നിലനിൽക്കാം. കാര്യസാധ്യത്തിന് വേണ്ടി കുറുക്കുവഴികൾ അവലംബിക്കാതെ, നേർമാർഗ്ഗത്തിൽ തന്നെ പോകാം.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## ശാരോൻ ഫെലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷൻ

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷൻ നവംബർ 30 മുതൽ ഡിസംബർ 4 വരെ തിരുവല്ല ശാരോൻ സ്റ്റേഡിയത്തിൽ നടക്കും. പ്രശസ്തരായ ദൈവദാസന്മാരും സഭയിലെ സുവിശേഷ പ്രഭാഷകരും ദൈവവചനം ശുശ്രൂഷിക്കും. ഡിസംബർ 1-ാം തീയതി പാസ്റ്റേഴ്സ് കോൺഫ്രൻസും നടക്കും.

കൺവൻഷന്റെ നടത്തിപ്പിനായി ഡോ. റ്റി.ജി. കോശി, ഡോ. റ്റി.പി. ഏബ്രഹാം എന്നിവർ കൺവീനർമാരായി വിവിധ കമ്മറ്റികൾ രൂപീകരിച്ചു. പാസ്റ്റർമാരായ ഒ.റ്റി. ജോൺസൺ, ജോർജ് തോമസ് (പ്രാർത്ഥന), ബ്രദർ കെ.കെ. തോമസ്, ജയിംസ് ജോൺ (ധനകാര്യം), പാസ്റ്റർ ജോൺസൺ കെ. ശാമുവേൽ, റവ. എം.ജെ. ജോൺ (ഭക്ഷണം), പാസ്റ്റർമാരായ കുര്യൻ മാത്യു, കെ.എസ്. മാത്യു, നൈനാൻ കെ. ജോർജ്ജ് (പബ്ലിസിറ്റി), പാസ്റ്റർമാരായ എം.എ. വർഗ്ഗീസ്, എം.എം. ജോൺ (ക്വയർ), പാസ്റ്റർ ജേക്കബ് ജോർജ്ജ് (താമസം), ഏബ്രഹാം മന്ദമരുതി, തോമസ് മാത്യു (വോളന്റിയേഴ്സ്), കെ.ഇ. ജോർജ്ജ്കുട്ടി (ഗതാഗതം), സി.വി. ജോൺ, ബോസ് എം. കുരുവിള (ക്രമീകരണം) എന്നിവർ കമ്മറ്റിയംഗങ്ങളായി പ്രവർത്തിക്കുന്നു.

## മുഴുരാത്രി പ്രാർത്ഥന നടന്നു

**അടൂർ:** ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജന്റെ ആഭിമുഖ്യത്തിൽ ഐവർകാലാ ഫെയ്ത്ത് ഫെലോഷിപ്പ് സഭയിൽ വച്ച് ഓഗസ്റ്റ് മാസം 31-ാം തീയതി മുഴുരാത്രി പ്രാർത്ഥന നടന്നു. കേരളാ റീജൻ സെക്രട്ടറി പാസ്റ്റർ ഡി. ജോണിന്റെ പ്രാർത്ഥനയോടുകൂടി ആരംഭിച്ച യോഗത്തിൽ പാസ്റ്റർ റ്റി.പി. രാജു ദൈവവചനത്തിൽ നിന്നും സംസാരിച്ചു. കർത്തൃദാസന്മാരായ വിനോദ് കെ., എബി ജോർജ്ജ്, സുമേഷ് പി. ലാസർ, എം. ജോർജ്ജ്കുട്ടി, റ്റി.പി. രാജു, ബോബി പി. ജോൺ, തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ നേതൃത്വം വഹിച്ചു.

## ശുശ്രൂഷ സെമിനാർ...

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

വളർച്ചയ്ക്കാവശ്യമായ കാര്യങ്ങൾ എന്തെല്ലാമാണ്, എങ്ങനെ സഭയെ വിജയകരമായി പരിപാലിക്കാം എന്നീ വിഷയങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് റവ. ജെ ന്യൂസവും, മിസിസ് മേരി ന്യൂസവും ക്ലാസ്സുകൾ എടുത്തത്. പാസ്റ്റർ ബിജു ബെഞ്ചമിൻ ക്ലാസ്സുകൾ പരിഭാഷപ്പെടുത്തി. ഫെയ്ത്ത് ഫെലോഷിപ്പ് സഭയിലെ ശുശ്രൂഷകന്മാരും, എഫ്.സി.ബി.സിയിലെ അദ്ധ്യാപകരും, വിദ്യാർത്ഥികളും, പൂർവ്വവിദ്യാർത്ഥികളും ഈ സെമിനാറിൽ പങ്കെടുത്തു. രണ്ട് ദിവസം നീണ്ടുനിന്ന സെമിനാർ ഏവർക്കും അനുഗ്രഹമായി.

## വിശ്വാസികൾ ആത്മിക ഉന്നതിയിലേക്ക് എത്തുക

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

തീച്ചൂളയുടെ നടുവിലും സിംഹത്തിന്റെ ഗുഹയിലും പത്മോസിന്റെ ഏകാന്തതയിലും അനുഭവിച്ചറിഞ്ഞ ദൈവിക സാന്നിധ്യം ഇന്നും നിലയ്ക്കാതെ തുടരുന്നുവെന്ന് അദ്ദേഹം പ്രസ്താവിച്ചു. പൂർണ്ണസമയ ശുശ്രൂഷയ്ക്കായി കുടുംബമായി സമർപ്പിതരായതിനു ശേഷം തങ്ങളുടെ ജീവിതത്തിൽ ദൈവം നടത്തിയ അത്ഭുത വഴികളെകുറിച്ച് മിസിസ് മേരി ന്യൂസം വിവരിച്ചു. കിങ്ങ്സ്വേ ക്യാമ്പ് സഭാശുശ്രൂഷകൻ പാസ്റ്റർ റ്റി.ഡി. സുധാകരൻ ആരാധനയ്ക്ക് നേതൃത്വം നൽകി. റീജനിലെ എല്ലാ ദൈവമക്കളും യോഗത്തിൽ സംബന്ധിച്ചു.


### വരിസംഖ്യ

വരിസംഖ്യ നിരക്ക് ഒരു വർഷത്തേക്ക്

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ്. | :10 $ |
| കാനഡ | :10 $ |


### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


### എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**

പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**

തോമസ് ഡാനിയേൽ

പാസ്റ്റർ ബിജു ബഞ്ചമിൻ

ജോൺ ടി. വർഗ്ഗീസ്

ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**

ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

# ശാപത്തിൽ നിന്നും ദൈവ ഭവനത്തിലേക്കു വന്ന രൂത്ത്

(നാലാം പേജിൽ നിന്ന് തുടർച്ച)

ടുകൂടെ ബേത്‌ലഹേമിലേക്കു പോയി ദൈവഭവനത്തിന്റെ അവകാശം സ്വന്തമാക്കുവാൻ ആഗ്രഹിച്ചു. ന്യായപ്രമാണത്തെക്കുറിച്ച് മനസിലാക്കിയിരുന്ന രൂത്ത് വാഗ്ദത്തത്തിനുവേണ്ടി ഉറപ്പുള്ള തീരുമാനം എടുക്കുകയും അതിൽ നില നിൽക്കുകയും ചെയ്തു. യേശുവിന്റെ മരണ പുന:രുത്ഥാനത്തെ ഏറ്റുപറഞ്ഞ് യിസ്രായേൽ പൗരതയോട് കൂട്ടവകാശികളാകുന്ന ഏതൊരു വ്യക്തിയും രൂത്തിനെപോലെ ഉറച്ച തീരുമാനം ഉള്ളവർ ആയിരിക്കണം.

*കഷ്ടതയ്ക്കോ, പട്ടിണിയ്ക്കോ, ഉയരത്തിനോ, ആഴത്തിനോ, ഏതോരു ശക്തിയ്ക്കും ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ നിന്നും വേർപിരിക്കുവാൻ കഴിവുള്ളതല്ല* എന്ന് പൗലൊസ് ശ്ലീഹ പറയുന്നു (റോമർ 8:25). പുതിയ നിയമ വിശ്വാസികൾ ഈ തീരുമാനം ഉള്ളവർ ആയിരിക്കണം.

യവകൊയ്ത്തിന്റെ കാലത്ത് ബേത്‌ലഹേമിൽ എത്തിയ രൂത്ത്, അമ്മാവിയമ്മയുടെ അനുവാദത്തോടെ കാലാപെറുക്കുവാൻ പോയി. രൂത്ത് അദ്ധ്വാനശീല ആയിരുന്നു, സ്വന്തം പരിശ്രമം കൊണ്ട് തന്റെയും കുടുംബത്തിന്റെയും ബുദ്ധിമുട്ട് തീർക്കുവാൻ സാധിച്ചു. ദൈവമക്കൾ അദ്ധ്വാനശീലർ ആയിരിക്കണം. രൂത്ത് കാലാപെറുക്കുവാൻ പോയ വയലുടമസ്ഥൻ അവളോട് കരുണ കാണിച്ചു. എന്നാൽ, ഏഴാം തലമുറയ്ക്കുപോലും ദൈവിക അവകാശത്തിലേയ്ക്ക് പ്രവേശിക്കുവാൻ യോഗ്യതയില്ലാത്ത മോവാബ്യപെൺകുട്ടിയായ രൂത്ത് ദൈവഭവനത്തിന്റെ അംഗമായിത്തീർന്നു.

വേദങ്ങളും ഇതിഹാസങ്ങളും പല അവകാശങ്ങൾ മുഴക്കുമ്പോഴും വേദപുസ്തകത്തിന് ഒരു പേരുണ്ട്, *സത്യവേദപുസ്തകം*. മറ്റൊരു ഗ്രന്ഥങ്ങളും ഈ പേര് അവകാശപ്പെടുന്നില്ല. ഈ സത്യവേദപുസ്തകത്തിൽ ഒരു മണവാളനെയും, മണവാട്ടിയേയും അവരെ കൂട്ടിച്ചേർക്കുന്ന ഇടനിലക്കാരനെയും കാണുന്നു.

യെഹൂദ പാരമ്പര്യമുള്ള ബോവസ് ശാപയോഗ്യം എന്ന് തള്ളപ്പെട്ടിരുന്ന മോവാബ്യയായിരുന്ന രൂത്തിനെ തന്റെ ഭാര്യയായി സ്വീകരിക്കയും അവരുടെ തലമുറയിൽ നിന്നും *ലോകരക്ഷിതാവായ ക്രിസ്തു* ഭൂജാതനാവുകയും ചെയ്തു എന്ന് സത്യവേദപുസ്തകം പ്രതിപാദിക്കുന്നു. മത്തായി 1-ൽ വംശാവലിയിൽ അതു കാണാം. "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (യോഹ. 1:12). ഈ നിയമം ആണ് ജാതികൾക്ക് രക്ഷാകാരണം ആയിത്തീർന്നത്. ക്രിസ്തുവിനു നിഴലായ ബോവസിന്റെ വയലിൽ സഭയ്ക്കു നിഴലായ രൂത്തിനെപ്പോലെ പരിശുദ്ധാത്മാവിനു നിഴലായ നവോമിയുടെ ഉപദേശത്തോടുകൂടെ അദ്ധ്വാനശീലരും മാറ്റമില്ലാത്ത തീരുമാനം ഉള്ളവരും ആയിരിക്കണം ദൈവമക്കൾ.

ശാസ്ത്രം അതിന്റെ ഉയർച്ചയിലേക്കു നീങ്ങുന്ന ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വിശ്വാസികളുടെ ഭക്തി കേവലം ഉപരിവിപ്ലവമായി മാറിക്കൊണ്ടിരിക്കുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇതിനിടയിലും ചില ഉച്ച നീചത്വങ്ങളും അനാചാരങ്ങളും നുഴഞ്ഞുകയറിയിട്ടില്ലേ?

രാജാവിന്റെ പട്ടമഹിഷി ആകുവാൻ വിളിക്കപ്പെട്ടവർ എന്ന് അഭിമാനിക്കുന്ന ദൈവമക്കൾ ലജ്ജിയ്ക്കപ്പെട്ടു തലതാഴ്ത്തുവാൻ ഇടയാകാതിരിക്കുവാൻ കറ, ചുളുക്കം, മാലിന്യം, വാട്ടം എന്നിവ ഇല്ലാതെ ക്രിസ്തു എന്ന അടിസ്ഥാനത്തിന്മേൽ പണിതു വരുന്ന കല്ലുകളുടെ കൂട്ടത്തിൽ പണിയപ്പെടണം. വെളിപ്പാടു പുസ്തകത്തിൽ എഴുത്തുകാരൻ ആത്മാവിൽ കാണുന്ന ഭർത്താവിനായി ഒരുക്കിയ മണവാട്ടിയെപ്പോലെ പുതിയ യെരുശലേം സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങുന്നതു ഞാൻ കാണുന്നു. ആ സ്ഥാനം നഷ്ടപ്പെട്ടുപോകാതിരിപ്പാൻ എത്ര വിശുദ്ധജീവിതവും ഭക്തിയും ഉള്ളവരായിരിക്കുകയും പ്രാണത്യാഗത്തോളം പാപത്തോടു എതിർത്തു നിൽക്കുകയും ചെയ്യാം. ❖

ഇപ്പോൾ വിൽപ്പനയിൽ! പരിഷ്ക്കരിച്ച മൂന്നാം പതിപ്പ്!

**വിശ്വാസ ഗീതങ്ങൾ**

*ഒരു ഉത്തമ ഗാനോപഹാരം*

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി
1050ൽപരം ഗാനങ്ങൾ

**VISWASI PUBLICATIONS**
87, Tenement-II, RBTB Hospital Delhi-09,
Ph: 011 27658810, E-mail:iccm4india@yahoo.com

## എഫ്.സി.എം.എഫ്. ഉത്ഘാടനം ചെയ്തു

**അടൂർ:** ഫെയ്ത്ത് ഫെലോഷിപ്പ് സഭയിലെ സഹോദരന്മാരുടെ കൂട്ടായ്മ ***ഫെയ്ത്ത് ക്രിസ്ത്യൻ മെൻസ് ഫെലോഷിപ്പ്*** (എഫ്.സി.എം.എഫ്) എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. സെപ്റ്റംബർ 4-ാം തീയതി ഞായറാഴ്ച 4 മണിക്ക് അടൂർ സഭയിൽ വച്ച് എഫ്.എഫ്.സി. റീജൻ സെക്രട്ടറി പാസ്റ്റർ ഡി. ജോണിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ച് ഉത്ഘാടനം ചെയ്തു. സഹോദരന്മാരുടെ പ്രശ്നങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും പ്രാർത്ഥിക്കുക യും, മറ്റ് സുവിശേഷ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക എന്നതാണ് എഫ്.സി.എം.എഫിന്റെ ലക്ഷ്യം. ഡൽഹി, കേരളാ റീജനുകളിലെ പ്രാദേശിക സഭകളിൽ എഫ്.സി.എം.എഫിന്റെ കൂട്ടായ്മ വ്യാപിപ്പിക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. അടൂർ സഭാംഗം ബ്രദർ സാം വില്ല്യമിനെ സംഘടനയുടെ കേരളാ റീജൻ കോ-ഓഡിനേറ്ററായി തിരഞ്ഞെടുത്തു. റീജനിലെ വിവിധ സഭകളിൽ നിന്ന് കർത്തൃദാസന്മാരും സഭാ സെക്രട്ടറിമാരും സഹോദരന്മാരും യോഗത്തിൽ പങ്കെടുത്തു.

## പുതിയൊരു ദിശാബോധം

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ചോദിച്ചപ്പോൾ അബ്രഹാം നൽകിയ ഉറച്ച മറുപടി ശ്രദ്ധിച്ചാൽ മതി, "എന്റെ മകനെ അവിടേക്ക് പോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾക". ഊരിൽ നിന്നും ആരും യിസഹാക്കിന്റെ വധുവായി വരാൻ തയ്യാറല്ലെങ്കിൽ പോലും "എന്റെ മകനെ അവിടേക്ക് മടക്കിക്കൊണ്ടു പോക മാത്രം അരുത്" എന്ന് അബ്രഹാം ആവർത്തിച്ചു (ഉല് 24:1-9).

ഇതുപൊലെ തന്നെ വ്യക്തമായ ഒരു ദിശാബോധം പൗലൊസിനുണ്ടായിരുന്നതുകൊണ്ട് ക്രിസ്തുവിന്റെ സഭയുടെ വ്യാപനത്തിൽ മുഴുകി മുന്നോട്ട് യാത്ര ചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. പൗലൊസ് ഇതാണ് പറഞ്ഞത്; "ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നത്; ആകാശത്തെ കുത്തുന്നതുപോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്" (1 കൊരി. 9:26). മറ്റൊരിടത്ത് പൗലൊസ് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു, "ഒന്നു ഞാൻ ചെയ്യുന്നു; പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിനു ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു" (ഫിലി. 3:14).

ദിശാബോധത്തിന്റെ ഇതേ വ്യക്തതയാണ് സഭാ പ്രവർത്തകർക്കും സുവിശേഷകർക്കും വിശ്വാസികൾക്കുമെല്ലാം ഉണ്ടായിരിക്കേണ്ടത്. ശരിയായ ലക്ഷ്യമില്ലാതെ ഉഴലുന്ന പഥികർക്ക് പുതിയൊരു ദിശാബോധം ഉണ്ടാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വിശ്വാസവീരന്മാർക്കുണ്ടായിരുന്ന അതേ ദിശാബോധം. ❖

# പൊതുയോഗങ്ങൾ നടത്തപ്പെട്ടു




*മിസിസ് മേരി ന്യൂസം പ്രസംഗിക്കുന്നു, പരിഭാഷ: പാസ്റ്റർ ബിജു ബെഞ്ചമിൻ. പാസ്റ്റർ എം. സാമുവൽകുട്ടി, റവ. ജെ ന്യൂസം എന്നിവർ സമീപം*

**അടൂർ:** ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ചിന്റെ വിവിധ സഭകളിൽ വച്ച് സെപ്തംബർ മാസം 7,8,9 തീയതികളിൽ രാത്രി യോഗങ്ങൾ നടത്തപ്പെട്ടു. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി, റവ. ജെ ന്യൂസം, മിസിസ് മേരി ന്യൂസം തുടങ്ങിയവർ ദൈവവചനത്തിൽ നിന്നും സംസാരിച്ചു.

7-ാം തീയതി വൈകിട്ട് അടൂർ സഭയിൽ വച്ച് നടന്ന രാത്രി യോഗത്തിൽ സഭാശുശ്രൂഷകൻ പാസ്റ്റർ റ്റി.പി. രാജു അദ്ധ്യക്ഷത വഹിച്ചു. എഫ്.എഫ്.സി. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി അതിഥികളെ ദൈവസഭയ്ക്ക് പരിചയപ്പെടുത്തി. ദൈവം കഴിഞ്ഞുപോയതിനെ അന്വേഷിക്കുന്നവനാണ് എന്ന് സഭാപ്രസംഗി 3:15 നെ ആസ്പദമാക്കി റവ. ജെ ന്യൂസം പ്രസംഗിച്ചു. ദൈവം ശാശ്വതമായി പ്രവർത്തിക്കുന്നവനാണ്. ആ ദൈവത്തിന്റെ പ്രവൃത്തിയെ കൂട്ടുവാനോ കുറയ്ക്കുവാനോ ആർക്കും കഴിയുകയില്ല. ആ ദൈവത്തെ അന്വേഷിക്കുന്നവരായി നാം മാറണം. ദൈവം തന്നെ അന്വേഷിക്കുന്നവർക്ക് ഒരിക്കലും അകന്നിരിക്കുകയില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പാസ്റ്റർ ബിജു ബെഞ്ചമിൻ സന്ദേശം പരിഭാഷപ്പെടുത്തി.

8-ാം തീയതി വൈകിട്ട് മാഞ്ഞാലി സഭയിൽ നടന്ന രാത്രിയോഗത്തിൽ സഭാശുശ്രൂഷകൻ പാസ്റ്റർ വി.എം. ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ എം. സാമുവൽകുട്ടി ആമുഖ സന്ദേശം നൽകി. യെരിഹോവിന്റെ വഴിയരികിൽ ഭിക്ഷാടനം നടത്തിയിരുന്ന പിറവിയിലെ കുരുടനായിരുന്ന, തിമായിയുടെ മകനായ ബർത്തിമായിക്ക് കാഴ്ച കൊടുക്കുവാൻ അവനോട് മനസ്സലിവ് കാട്ടിയ യേശു ഇന്നും ജീവിക്കുന്നു (ലൂക്കൊസ് 10:46-52) എന്ന് റവ. ജെ ന്യൂസം തന്റെ സന്ദേശത്തിൽ ചൂണ്ടിക്കാട്ടി. യേശു അവനെ വിളിച്ചപ്പോൾ തന്റെ സമ്പാദ്യമായിരുന്ന, സംരക്ഷണമായിരുന്ന, ആശ്രയമായിരുന്ന പുതപ്പ് ഇട്ടുകളയുവാൻ അവൻ തയ്യാറായതുകൊണ്ട് യേശുവിൽ നിന്നും സൗഖ്യം പ്രാപിക്കുവാൻ അവന് സാധിച്ചു, അദ്ദേഹം കൂട്ടിചേർത്തു.

9-ാം തീയതി വൈകിട്ട് നെല്ലിമുകൾ സഭയിൽ നടന്ന രാത്രിയോഗത്തിൽ സഭാ ശുശ്രൂഷകൻ പാസ്റ്റർ ഡി. ലാസർ അദ്ധ്യക്ഷത വഹിച്ചു. പ്രവൃത്തിയിൽ കൂടിയുള്ള വിശ്വാസമാണ് നമുക്കാവശ്യമെന്ന് മിസിസ് മേരി ന്യൂസം ദൈവമക്കളെ ഓർപ്പിച്ചു. വിശ്വസിക്കുന്നവരെയാണ് ദൈവം തന്റെ പ്രവൃത്തിക്കായി ഉപയോഗിക്കുന്നതെന്നും, ശിഷ്യന്മാരുടെ ഉള്ളറിയുന്നവനാണ് യേശു എന്നും അവർ കൂട്ടിചേർത്തു. യോഹ. 4:46-54 വരെയുള്ള വാക്യങ്ങളെ ആസ്പദമാക്കി റവ. ജെ ന്യൂസവും ദൈവവചനത്തിൽ നിന്നും സംസാരിച്ചു. യേശു നമ്മെ തേടിവന്നു, യേശു തന്റെ രക്തത്താൽ നമ്മെ വീണ്ടെടുത്തു, അവൻ നമുക്കുവേണ്ടി വീണ്ടും പ്രത്യക്ഷനാകുമ്പോൾ ചില അത്ഭുതങ്ങൾ സംഭവിക്കും. ആയതിനാൽ, നമുക്ക് ദൈവത്തോട് വ്യക്തിപരമായി ഒരു ബന്ധം ഉണ്ടായിരിക്കണമെന്ന് വിശ്വാസികളെ അദ്ദേഹം ഉത്ബോധിപ്പിച്ചു. എല്ലാ വിശ്വാസികളും സന്തോഷത്തോടും പ്രാർത്ഥനയോടും കൂടെ ഈ യോഗങ്ങളിൽ സംബന്ധിച്ചു.

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 09 - 11
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website: www.indianchristianmission.com

## ശാപത്തിൽ നിന്നും ദൈവ ഭവനത്തിലേക്ക് വന്ന രൂത്ത്



**സിസ്റ്റർ ദീനാമ്മ ശീലാസ്**
**പഴകുളം**

ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദെനിൽ പാർപ്പിച്ച് അവർക്ക് ഒരു നിയമം കൊടുത്തതായി ഏല്ലാവർക്കും അറിയാം. നന്മതിന്മകളുടെ വൃക്ഷഫലവും ജീവ വൃക്ഷഫലവും തിന്നരുത്. നിയമം ലംഘിച്ച ആദ്യമാതാപിതാക്കളുടെ സന്തതികളായ ഹാബേലും കയീനും യാഗം കഴിച്ചു. യാഗശേഷം കൊലപാതകവും ഭൂമിയിൽ ഉടലെടുത്തു. ഭൂമിയിൽ മനുഷ്യർ പെരുകുകയും, ദൈവകോപം ഉണ്ടാകുന്ന രീതിയിൽ വഷളത്വം നിറയുകയും ചെയ്തു. ആ കാലഘട്ടത്തിൽ നോഹയ്ക്ക് ദൈവകൃപ ലഭിച്ചത് ഉല്പത്തി 6:8 ൽ കാണാം. പെട്ടകത്തിൽ കൂടെ രക്ഷപ്പെട്ട നോഹയുടെ പാരമ്പര്യത്തിൽ വീണ്ടും ജനം ലോകത്തിൽ പെരുകി. വിഗ്രഹാരാധിയായിരുന്ന അബ്രഹാമിനു ദൈവപ്രത്യക്ഷത ഉണ്ടായി. ദൈവശബ്ദത്തിനു കീഴ്പ്പെട്ട അബ്രഹാമും സഹോദരപുത്രനായ ലോത്തും യാത്ര തുടർന്നു (ഉല്പത്തി 13). എന്നാൽ, ലോത്തും അബ്രഹാമും വേർപെട്ടു, ലോത്ത് സോദാം വരെ കൂടാരം നീക്കിയടിച്ചു. സോദോമിൽ ദൈവകോപം ഉണ്ടാവുകയും ലോത്തിനേയും കുടുംബത്തേയും അവിടെ നിന്നും ദൂതന്മാർ വലിച്ചിറക്കി രക്ഷപ്പെടുത്തി. എങ്കിലും ലോത്തിന്റെ വംശപാരമ്പര്യത്തിൽ ഏഴാം തലമുറയ്ക്കുപോലും വാഗ്ദത്ത സന്തതികളായ യിസ്രായേലിനോടു ചേരുവാൻ പറ്റാത്ത രണ്ടു തലമുറ ഭൂമിയിൽ രൂപം കൊണ്ടു. അവരാണ് അമോന്യരും, മോവാബ്യരും.

വാർദ്ധക്യത്തിൽ ദൈവം കൊടുത്ത പുത്രനായ യിസഹാക്കിനെ യാഗം കഴിക്കുവാൻ തയ്യാറായ അബ്രഹാം വിശ്വാസികളുടെ പിതാവായി ത്തീർന്നു. തന്റെ മൂന്നാം തലമുറയായ യാക്കോബിനെ ദൈവം തിരഞ്ഞെടുത്തു. യാബ്ബോക്കിന്റെ കരയിൽ വച്ച് ദൈവദൂതനുമായി മല്ലുപിടിച്ചു ജയിച്ചതുകൊണ്ട് ബഹുജാതികൾക്ക് പിതാവ് എന്ന് അർത്ഥം വരുന്ന *യിസ്രായേൽ* എന്ന് പേര് ലഭിച്ചു. ഇങ്ങനെ ദൈവവും, വാഗ്ദത്തവും, പിതാക്കന്മാരും യിസ്രായേലിനു മാത്രം എന്ന് യെഹൂദന്മാർ അവകാശപ്പെടുന്നു.

> ശാസ്ത്രം അതിന്റെ ഉയർച്ചയിലേക്കു നീങ്ങുന്ന ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വിശ്വാസികളുടെ ഭക്തി കേവലം ഉപരിവിപ്ലവമായി മാറിക്കൊണ്ടിരിക്കുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു

ബേത്‌ലഹേം-അപ്പത്തിന്റെ ഭവനം, ദൈവഭവനം എന്നൊക്കെ അറിയപ്പെടുന്നു. അവിടെ ക്ഷാമം ഉണ്ടായി. അപ്പോൾ അവിടെ നിന്നും എലീമേലെക്കും തന്റെ രണ്ടു മക്കളും ഭാര്യയുമായി മോവാബിലേക്ക് പരദേശികളായി പാർക്കുവാൻ പോയി. അവരുടെ മക്കൾ രണ്ടുപേരും കുടുംബസ്ഥരായി മോവാബിൽ പാർത്തു. എലീമേലെക്കും രണ്ട് മക്കളും അവിടെ വച്ച് മരിച്ചു. ഭർത്താവും രണ്ടു മക്കളും മരിച്ചശേഷം നവോമി മടങ്ങി പോകുവാൻ തീരുമാനിച്ചു. ഓർപ്പ അമ്മാവിയമ്മയെ ചുംബിച്ച് സ്വഭവനത്തിലേക്കു മടങ്ങിപ്പോയി. രൂത്ത് നവോമിയോടുകൂടെ പോകുവാൻ തീരുമാനിച്ചു. 'മരണത്താലല്ലാതെ നാം തമ്മിൽ പിരിയുകയില്ല. നിന്റെ ജനം എന്റെ ജനം; നീ പാർക്കുന്നിടത്ത് ഞാനും പാർക്കും' എന്ന തീരുമാനത്തോടെ നവോമിയോ

(ശേഷം മൂന്നാം പേജിൽ)

## വേദവിചാരം

### ദൈവവിളിയും നമ്മുടെ പ്രതികരണവും:

#### മോശയുടെ ജീവിതത്തിലൂടെ ഒരു വായന



**പാസ്റ്റർ ബിജു ബഞ്ചമിൻ**

ദൈവം തന്റെ പദ്ധതിക്കായി മോശയെ വിളിക്കുന്നതിന്റെ വിശദമായ വിവരണം പുറപ്പാട് പുസ്തകത്തിന്റെ മൂന്ന്, നാല് അദ്ധ്യായങ്ങളിൽ കാണുവാൻ കഴിയും. ദൈവം മോശയോട് ചോദിക്കുന്ന ചോദ്യവും മോശയുടെ ഉത്തരവും വളരെ ശ്രദ്ധേയമാണ്. ഏകദേശം എൺപത് വയസ്സോളം പ്രായം വരുന്ന മോശെ ഇപ്പോൾ ഒരു പരദേശിയായി ഭാര്യവീട്ടിൽ പാർക്കുന്നു. അമ്മായിയപ്പനായ യിത്രോയുടെ ആടുകളെ മേയിക്കുകയാണ് തന്റെ ജോലി (പുറ. 3:1-2). അപ്പോഴും തന്റെ ജനത്തിന്റെ വിമോചനത്തിനായുള്ള അടങ്ങാത്ത ആഗ്രഹം അവന്റെ ഉള്ളിൽ നിറഞ്ഞുനിന്നിരുന്നു. മോശെ ദൈവത്തിന്റെ പർവ്വതമായ ഹോരേബിൽ എത്തിച്ചേരുന്നു. ദൈവത്തിന്റെ ദൂതൻ അവിടെ മോശെയ്ക്ക് പ്രത്യക്ഷനാകുന്നു. തലമുറകൾക്ക് വെളിച്ചം നൽകുന്ന ഒരു ദൈവിക ദർശനം ദൈവം മോശെയ്ക്ക് നൽകി (പുറ. 3:2). 'നീ എന്റെ ജനമായ യിസ്രായേൽ മക്കളെ മിസ്രയീമിൽ നിന്ന് വിടുവിക്കേണം' എന്ന സന്ദേശവും നിയോഗവും മോശയ്ക്ക് ലഭിച്ചു. അത് ഭരമേൽപ്പിക്കുന്നതിനും മോശെയെ ഉറപ്പിക്കുന്നതിനുമായി ദൈവം മോശെയുടെ മുമ്പാകെ തന്നെത്തന്നെ വെളിപ്പെടുത്തുന്നു. 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു; ഞാൻ ആകുന്നവൻ നിന്നെ അയക്കുന്നു' (പുറ. 3:14). മിസ്രയീമിൽ നിന്ന് യിസ്രായേലിനെ രക്ഷിക്കുവാൻ താൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയുടെ രത്നച്ചുരുക്കം പിന്നീട് ദൈവം മോശെയോട് പറയുന്നു. താൻ ആരാണെന്ന് ആ പദ്ധതിയിലൂടെ വെളിപ്പെടുത്താൻ ദൈവം ആഗ്രഹിക്കുന്നു. 'അബ്രഹാമിന്റെ ദൈവവും, യിസഹാക്കിന്റെ ദൈവവും, യാക്കോബിന്റെ ദൈവവുമായി നിങ്ങളുടെ പിതാക്കാരുടെ ദൈവമായ യഹോവ' (പുറ. 3:15) എന്ന പ്രസ്താവന ഇതിനെ ഉറപ്പിക്കുന്നു. പഴയകാല ഉടമ്പടികളെയും വർത്തമാനകാല സാഹചര്യങ്ങളെയും ഭാവിയുടെ ഉത്തരങ്ങളും സംയോജിപ്പിക്കുന്നതും അതിശക്തവുമായ ഒരു പദ്ധതിയാണ് ദൈവത്തിന്റെ തിരുമനസ്സിൽ നിന്ന് ബഹിർഗമിക്കുന്നത്. നിലവിളിക്കുന്ന ഒരുപറ്റം ജനത്തിനു വേണ്ടി താൻ പ്രവർത്തിച്ചു തുടങ്ങുകയാണെന്ന ശക്തമായ ആശയം ആ വാക്കുകളിൽ നിറഞ്ഞ് നിൽക്കുന്നു.

നമ്മെക്കുറിച്ച് ദൈവത്തിന് വ്യക്തമായ പദ്ധതികളുണ്ട്. വൈയക്തികവും സാമൂഹികവുമായ പരിഗണനകളുടെ സംക്രമണമാണ് ദൈവിക പദ്ധതികളുടെ മുഖമുദ്ര. അത് മനുഷ്യനെയും പ്രകൃതിയെയും മനുഷ്യനെയും സമൂഹത്തെയും ബന്ധിപ്പിക്കുന്നതാണ്. അതിന്റെ അന്തസ്സാരവും സാദ്ധ്യതകളും വളരെ ബൃഹത്താണ്. നമ്മെക്കുറിച്ചുള്ള ദൈവിക പദ്ധതിയെന്തെന്ന് നാം ആദ്യമായി തിരിച്ചറിയണം. ദൈവവചനം അനുശാസിക്കുന്ന വഴികളിലൂടെയാവണം അത് നിർവ്വഹിക്കപ്പെടേണ്ടത്. ദൈവിക പദ്ധതിയുടെ ഉറപ്പ് ലഭിക്കുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. പരിശുദ്ധാത്മാവിന്റെ ശബ്ദം കേൾക്കുവാൻ വ്യഗ്രതയുള്ളവരായി നാം മാറണം. രണ്ടാമതായി ദൈവിക പദ്ധതികളുടെ പ്രകൃതവും സ്വഭാവവും നാം തിരിച്ചറിയണം. അപൂർണ്ണവും അവ്യക്തവുമായ ആശയങ്ങളും ഊഹാപോഹങ്ങളും നൽകിത്തരുന്നവനല്ല ദൈവം. നമ്മുടെ ഗതകാലത്തെയും വർത്തമാന കാലത്തെയും അവൻ നന്നായി അറിയുന്നു. നാം ചിന്തിക്കുന്നതിലും നിനക്കുന്നതിലും അത്യന്തം പരമായി നൽകിത്തരുവാൻ അവന് സാധിക്കും. മാനുഷിക പരിമിതികളിൽ ദൈവിക പദ്ധതികൾ നാം തളയ്ക്കരുത്. ദൈവത്തിന്റെ കാര്യപരിപാടികൾ പൂർണ്ണവും, കൃത്യവും നിസ്തുല്ല്യവുമാണ്. അത് തിരിച്ചറിഞ്ഞ് അതിന് പൂർണ്ണമായി വിധേയപ്പെടുമ്പോഴാണ് ജീവിതം അർത്ഥവത്താകുന്നത്. മൂന്നാമതായി ദൈവിക പദ്ധതിയിലുള്ള സാമൂഹികമാനം നാം അറിയാതെയിരിക്കരുത്. ദൈവം നമ്മെ തിരഞ്ഞെടുക്കുന്നത് ഒരു സമൂഹത്തിന് വേണ്ടിയാണ്. ജീവിത യാത്രയിൽ ഇത് തിരിച്ചറിയാതെ നാം പലപ്പോഴും സ്വാർത്ഥരായിത്തീരുന്നു. സ്വാർത്ഥത ആശയക്കുഴപ്പത്തെ ജനിപ്പിക്കുന്നു. ആശയക്കുഴപ്പങ്ങൾ ആഴമേറിയ മുറിവുകൾ വ്യക്തികൾക്കും സമൂഹത്തിനും സമ്മാനിക്കുന്നു. നിസ്വാർത്ഥത വിമോചനപരവും വിപ്ലവകരവുമായ പുതിയ സമൂഹത്തിന് അടിസ്ഥാനമിടുന്നു. 'മോശ താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാല ഭോഗത്തെക്കാളും ദൈവജനത്തോട് കൂടെ കഷ്ടമനുഭവിക്കുന്നത് തിരഞ്ഞെടുത്തു. ഫറവോന്റെ പുത്രിയുടെ മകനെന്ന് വിളിക്കുന്നത് നിഷേധിക്കുകയും ചെയ്തു' (എബ്രാ. 12:24). ഒരു ജനതതിയുടെ വിമോചനത്തിന് ഇത് കാരണമായി.

സ്വാർത്ഥതയുടെ ഭീകരരൂപങ്ങൾ നിറഞ്ഞാടുന്ന നാടകങ്ങൾക്ക് ഭാരതഭൂമി ദിനംപ്രതി വേദിയാവുകയാണ്. രാജ്യപുരോഗതിക്കുവേണ്ടി ചെലവഴിക്കപ്പെടേണ്ട കോടികൾ കള്ളപ്പണമായി വിദേശ ബാങ്കുകളിൽ നിക്ഷേപിക്കപ്പെടുന്നു. എല്ലാ മേഖലകളിലും അഴിമതി നിറഞ്ഞു നിൽക്കുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള പിളർപ്പ് വലുതാകുന്നു. സ്വാർത്ഥത വെടിയുവാൻ ആളുകൾ തയ്യാറാകുമ്പോഴാണ് നാം ഭാവനയിൽ കാണുന്ന സമത്വ സുന്ദരമായ സമൂഹം ഉടലെടുക്കുന്നത്. നിങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു, വെളിച്ചമാകുന്നു എന്ന് യേശു പ്രഖ്യാപിക്കുമ്പോൾ സാമൂഹികമായ നമ്മുടെ സ്വാധീനവും പ്രായോഗികതയുമാണ് അവൻ എടുത്ത് കാട്ടിയത്. ദൈവിക പദ്ധതി മനസ്സിലാക്കി ഗുണാത്മകമായി അതിനോട് പ്രതികരിച്ച് നവ സമൂഹ സൃഷ്ടിക്കായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
5. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
6. വിശ്വാസി പബ്ളിക്കേഷൻസ്
7. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

INDIAN CHRISTIAN MISSION
87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009
Ph: (011)- 27658810, E-mail: icm4india@yahoo.com,
Website: www.indianchristianmission.com

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*